(സി) മീറ്ററിൽ കാണിക്കുന്ന നിരക്കിൽ കൂടുതൽ കൊടുക്കാൻ യാത്രക്കാർ ബാദ്ധ്യസ്തരാണോ ;

(ഡി) ആണെങ്കിൽ എത്രകൂടുതൽ കൊടുക്കണമെന്ന് എന്തെങ്കിലും നിബന്ധനനിലവിലുണ്ടോ ;

(ഇ) മീറ്റർ നിരക്കിനേക്കാൾ വളരെ കൂടുതൽ തുക ഓട്ടോറിക്ഷക്കാർ യാത്രക്കാരിൽ നിന്നും ഈടാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. ഏറ്റവും ഒടുവിലായി ടാക്സിക്കാറുകളുടെ നിരക്ക് പുതുക്കിയത് 4-2-1986-ലും ഓട്ടോറിക്ഷകളുടേത് 14-5-1985-ലും ആണ്.

(സി, ഡി) മീറ്ററിൽ കാണുന്ന നിരക്കുകൾ മാത്രമേ യാത്രക്കാർ കൊടുക്കേണ്ടതുള്ളൂ. എങ്കിലും ഓട്ടോറിക്ഷകളുടെ കാര്യത്തിൽ രാത്രി 11 മണിക്കും പുലർച്ചെ 5 മണിക്കും മദ്ധ്യേയുള്ള യാത്രകൾക്ക് മീറ്ററിൽ കാണുന്ന ചാർജ്ജിന്റെ പകുതികൂടി കൊടുക്കേണ്ടതാണ് എന്ന് 14-5-1985-ലെ ജി. ഒ. (പി) നമ്പർ 19/85/ടി. ആർ. ഡി എന്ന ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) നിശ്ചിത നിരക്കിനേക്കാൾ കൂടുതലായി യാത്രക്കാരിൽ നിന്നും ഓട്ടോറിക്ഷക്കാർ ഈടാക്കുന്നുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ലഭിക്കുന്ന ഓരോ പരാതിയിലും കർശനമായ നടപടി സ്വീകരിക്കാറുണ്ട്. തൻമൂലം പരാതികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്.

അബ്കാരി കോൺട്രാക്ടർമാരിൽനിന്നും പിരിഞ്ഞു കിട്ടുവാനുള്ള സംഖ്യ

781. [181] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-5-1982 മുതൽ 1986 സെപ്റ്റംബർ 30 വരെ സംസ്ഥാനത്തെ അബ്കാരി കോൺട്രാക്ടർമാരിൽനിന്നും എന്തു തുക പിരിഞ്ഞു കിട്ടുവാനുണ്ട് ;

(ബി) ഈ സംഖ്യയുടെ വിവരങ്ങൾ ജില്ല തിരിച്ചു വ്യക്തമാക്കുമോ ;

(സി) ഇതിൽ ഒരു ലക്ഷം രൂപക്കുമേൽ അടയ്ക്കാനുള്ളവരെത്ര ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം തൃശ്ശൂർ പാലക്കാട്, കണ്ണൂർ, എന്നീ ജില്ലകളിൽ നിന്നും 29,24,69,274.68 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. മറ്റു ജില്ലകളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം — 10880323.48
കൊല്ലം — 10040709.18
ആലപ്പുഴ — 50054753.58
കോട്ടയം — 124717783.00
എറണാകുളം — 44418570.59
തൃശ്ശൂർ — 25871221.85

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് — 13011710.00
കണ്ണൂർ — 13474203.00

മറ്റു ജില്ലകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞ എട്ടു ജില്ലകളിലായി 294 പേർ ഒരു ലക്ഷം രൂപയ്ക്ക് മേൽ അടയ്ക്കാനുള്ളവരാണ്. മറ്റു ജില്ലകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

ഡസ്റ്റിനേഷൻ ബോർഡുകൾ

782. [182] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഡെസ്റ്റിനേഷൻ ബോർഡുകൾ യാത്രക്കാർക്ക് വായിക്കത്തക്കവിധം വ്യക്തമായി വയ്ക്കുവാൻ നിർദ്ദേശം നൽകുമോ ;

(ബി) സിറ്റി ബസ്സുകളിൽ യഥാസമയം ബോർഡ് മാറ്റി വയ്ക്കാത്തതുമൂലം യാത്രക്കാർ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സിറ്റി ബസ്സുകൾ നിർദ്ദിഷ്ടസ്ഥാനത്ത് എത്തിച്ചേർന്നു മടക്കയാത്ര തുടങ്ങുമ്പോൾ അതനുസരിച്ച് ബോർഡുകളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

തൊഴിൽ തർക്കങ്ങൾ

783. [973] ശ്രീ. വി. ജെ തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 25-5-1982-നുശേഷം സംസ്ഥാനത്തെ തൊഴിൽ വകുപ്പു കൈകാര്യം ചെയ്തിട്ടുള്ള തൊഴിൽ തർക്കങ്ങൾ എത്ര ;

(ബി) തൊഴിൽ തർക്കങ്ങൾ മൂലമുണ്ടായ പണിമുടക്ക് എത്ര ;

(സി) ഇതിന്റെയെല്ലാം വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

ഉത്തരം

(എ) 45041.

(ബി) 305.

(സി)

വർഷം	തൊഴിൽ തർക്കങ്ങൾ	പണിമുടക്കുകൾ
25-5-1982 മുതൽ 31-12-1982 വരെ	5175	58
1983	8323	104
1984	9754	63
1985	9957	37
1986 ആഗസ്റ്റ് വരെ	6465	43

LIBRARY ARCHIVES Kerala Legislative Assembly